# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T 510 23.07.2015-ലെ മറുപടിക്ക്

**ഗ്രാമീണ ബാങ്കുകളിൽ കോർപ്പറേറ്റുകളുടെ ആധിപത്യത്തിനെതിരെ മുൻ കരുതൽ**

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ഗ്രാമീണ ബാങ്കുകളുടെ ഓഹരിയുടെ സിംഹഭാഗവും കോർപ്പറേറ്റുകൾക്ക് കൈമാറാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | മുൻപ് ഗ്രാമീണ ബാങ്കുകളിൽ കേന്ദ്ര സർക്കാരിന് 50% സ്പോൺസർ ബാങ്കിന് 35% സംസ്ഥാന സർക്കാരിന് 15% എന്നീ നിരക്കിലാണ് ഓഹരിയുണ്ടായിരുന്നത്. എന്നാൽ 2015 ലെ റീജിയണൽ റൂറൽ ബാങ്ക് അമന്റ്മെന്റ് ആക്ട് 2015 പ്രകാരം റീജിയണൽ റൂറൽ ബാങ്കുകൾ കേന്ദ്ര/സംസ്ഥാന സർക്കാർ, സ്പോൺസർ ബാങ്ക് എന്നിവിടങ്ങളിൽ നിന്നല്ലാതെ മൂലധന സമാഹരണം നടത്തുകയാണെങ്കിൽ കേന്ദ്രത്തിന്റെയും സ്പോൺസർ ബാങ്കിന്റെയും ഓഹരി 51 ശതമാനത്തിൽ താഴെയാകരുതെന്ന നിബന്ധനയോടെ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഓഹരി മൂലധത്തിന്റെ സിംഹഭാഗവും കേന്ദ്ര/സംസ്ഥാന സർക്കാരിന്റേയും സ്പോൺസർ ബാങ്കുകളുടേയും പക്കൽ തന്നെ ആയിരിക്കുമെന്നും ആക്ട് ഉറപ്പ് നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ എത്രത്തോളം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | നിലവിൽ ഗ്രാമീണ ബാങ്കുകളിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി പങ്കാളിത്തം 15 ശതമാനമാണ്. അധിക മൂലധന സമാഹരണത്തെ തുടർന്ന് ഇത് 15 ശതമാനത്തിൽ താഴെയാകുകയാണെങ്കിൽ കേന്ദ്ര സർക്കാർ ബന്ധപ്പെട്ട സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് റീജിയണൽ റൂറൽ ബാങ്ക് (അമന്റ്മെന്റ്) ആക്ട് 2015 - ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആ ഘട്ടത്തിൽ സംസ്ഥാനം ബന്ധപ്പെട്ട റീജിയണൽ റൂറൽ ബാങ്കുകളുടെ അഭിപ്രായം കൂടി തേടി സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ